പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 189.

28.11.2018 ൽ

മറുപടിക്ക്

# ആശ്രിത നിയമനത്തിനായി മിഥിൻ ചാക്കോ നൽകിയ അപേക്ഷ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാന പോലീസ് വകുപ്പിൽ ആശ്രിത നിയമനം ആവശ്യപ്പെട്ട് ശ്രീ. മിഥിൻ ചാക്കോ നൽകിയ അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (എ) | പോലീസ് വകുപ്പിൽ ആശ്രിത നിയമനം ആവശ്യപ്പെട്ട് ശ്രീ. മിഥിൻ ചാക്കോ നൽകിയ അപേക്ഷ 24.07.2017 ന് ആഭ്യന്തര(കെ) വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് 24.05.1999 ലെ സ.ഉ(പി)നം. 12/99/ഉഭപവ അനുസരിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി 05.08.2017 ന് ഇടുക്കി ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. റിപ്പോർട്ട് ഇതുവരെയും ലഭ്യമായിട്ടില്ല. |
| (ബി) ഇ1662287/കെ3/ആഭ്യന്തരം നമ്പർ ഫയലിൽ ഉണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത ഫയലിൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (സി) പ്രസ്തുത ഫയലിൽ ഇടുക്കി ജില്ലാകളക്ടർ മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | ഇല്ല. 05.08.2017 ലെ ഇ-1662281/കെ3/2017/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ഇടുക്കി ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ആയത് 23.08.2017 ൽ ഇടുക്കി ജില്ലാ കളക്ടർ തൊടുപുഴ തഹസീൽദാർക്ക് റിപ്പോർട്ടിനായി എ8/30037/2017 നമ്പർ പ്രകാരം അയച്ചുകൊടുക്കുകയും, തൊടുപുഴ തഹസീൽദാർ തൊടുപുഴ വില്ലേജ് ഓഫീസർക്ക് അയച്ചുകൊടുക്കുകയും ചെയ്തിരുന്നു. എന്നാൽ തൊടുപുഴ വില്ലേജ് ഓഫീസർക്ക് അപേക്ഷകനെ കണ്ടെത്താൻ സാധിക്കാത്തതിനാൽ ടി അപേക്ഷ തൊടുപുഴ തഹസീൽദാർക്ക് തിരികെ അയച്ചിരുന്നു. ശ്രീ. മിഥിൻ ചാക്കോ 23.11.2018 ൽ തഹസീൽദാർ മുമ്പാകെ ഹാജരായി ടിയാൻ കരിങ്കുന്നം വില്ലേജിന്റെ പരിധിയിലാണ് താമസമെന്ന് അറിയിച്ചിട്ടുള്ളതും, ടി അപേക്ഷയിൽ റിപ്പോർട്ട് ആവശ്യപ്പെട്ട് തൊടുപുഴ തഹസീൽദാർ കരിങ്കുന്നം വില്ലേജ് ഓഫീസർക്ക് 24.11.2018 ന് അപേക്ഷ അയച്ച് നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) പ്രസ്തുത ആശ്രിത നിയമനവുമായി ബന്ധപ്പെട്ടും ശ്രീ എം. ജെ ചാക്കോയുടെ സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുമായും പോലീസ് ആസ്ഥാനത്തുള്ള 189627/2017 , 112386/2017 എന്നീ നമ്പറുകളിലെ ഫയലുകളിന്മേൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ഡി) | പോലീസ് ആസ്ഥാനത്തുള്ള 189627/2017, 112386/2017 എന്നീ നമ്പറുകളിലെ ഫയലുകൾ ആശ്രിത നിയമനവുമായി ബന്ധപ്പെട്ടതാണ്. ഇടുക്കി ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഫയലിൽ തുടർ നടപടി സ്വീകരിക്കാവുന്നതാണ്. |
| (ഇ) ഇത് സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷിക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ; തുടർ നടപടികൾ വ്യക്തമാക്കാമോ; ഇനി എന്തെല്ലാം ആനുകൂല്യങ്ങൾ ആശ്രിതർക്ക് നൽകുവാനുണ്ട് എന്നറിയിക്കാമോ; ഇവ എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കാമോ? | (ഇ) | ഇടുക്കി ജില്ലാ കളക്ടർക്ക് റിപ്പോർട്ടിനായി അയച്ചുകൊടുത്ത 05.08.2017 ലെ ഇ-1662287/കെ3/2017/ആഭ്യന്തരം നമ്പർ കത്തിന്റെ പകർപ്പ് അപേക്ഷകനും അയച്ചു കൊടുത്തിരുന്നു.<br>ശ്രീ. പി.ജെ ചാക്കോയുടെ പെൻഷൻ സംബന്ധമായ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൊച്ചി സിറ്റി ഓഫീസിൽ നിന്നും പൂർത്തീകരിച്ചിട്ടുള്ളതാണ്. എസ്.എൽ.ഐ ക്ലെയിം ലഭിക്കുവാനായി എല്ലാ രേഖകളും എറണാകുളം ജില്ലാ ഇൻഷ്വറൻസ് ഓഫീസിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ജി.ഐ.എസ്-ന്റെ തുക ലഭിക്കുന്നതിന് ജി.ഐ.എസ് അക്കൗണ്ട് 12 അക്ക നമ്പരാക്കുന്നതിന് പാസ്സ് ബുക്ക് ഇല്ലാത്തതിനാൽ ഓൺലൈൻ സബ്സ്ക്രിപ്ഷൻ ചെയ്യുന്നതിന് സാധിച്ചിട്ടില്ലാത്തതും ടി 12 അക്ക നമ്പർ സൈറ്റായ 'വിശ്വാസിൽ' നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |

Rajani

സെക്ഷൻ ഓഫീസർ